സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# സിനിമ: തനിയാവർത്തനത്തിന്റെ കല



**രതീഷ്കുമാർ പി.***

**സംഗ്രഹം**

കേരളത്തിന്റെ സാമൂഹിക സാംസ്കാരികവളർച്ച മലയാളസിനിമയുടെ സാമൂഹികസാംസ്കാരിക പഠനത്തിൽ കണ്ടെത്താനാകും. ജാതിവ്യവസ്ഥ, മതം, ഫ്യൂഡലിസം, പുരുഷാധിപത്യം, സ്ത്രീവിവേചനം, തൊഴിൽ, പുരോഗമനാശയവും പ്രസ്ഥാനങ്ങളുമെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ സിനിമയിൽ പ്രമേയമായോ പരാമർശമായോ ഇന്നും കാണാറുണ്ട്. ഈ പ്രമേയങ്ങളെ ഒരുഘട്ടംകൂടി പിന്നോട്ട് ചിന്തിച്ചാൽ ഇതിഹാസങ്ങളെ സ്പർശിച്ചെന്നും വരാം. അതായത് ഇതിഹാസങ്ങളുടെ ആവർത്തനമോ, തനിയാവർത്തനമോ ആകാം. മൂന്ന് കാലഘട്ടങ്ങളിലായി ചിത്രീകരിച്ച 'നീലക്കുയിൽ', 'നീലത്താമര', 'മഹാവീര്യർ' തുടങ്ങിയ സിനിമകളെ അത്തരത്തിലുള്ള പഠനത്തിന് വിധേയമാക്കുകയാണിവിടെ.

**താക്കോൽവാക്കുകൾ:** ജാതിവ്യവസ്ഥ, ഫ്യൂഡലിസം, പുരുഷാധിപത്യം, തനിയാവർത്തനം

## ജാതിവ്യവസ്ഥ സിനിമയ്ക്ക് പുറത്തും അകത്തും

മലയാളസിനിമയിലെ ജാതിവ്യവസ്ഥയെക്കുറിച്ച് ചിന്തിക്കുമ്പോൾ വിഗതകുമാരനെക്കുറിച്ച് പരാമർശിക്കാതെ പോകുന്നത് നീതികേടാകും. മലയാളസിനിമയുടെ പിതാവെന്ന ഖ്യാതി നേടിയ ജെ.സി. ഡാനിയൽ നിർമ്മാണവും സംവിധാനവും നിർവ്വഹിച്ച് 1928 ൽ പുറത്തിറങ്ങിയ വിഗതകുമാരനാണ് മലയാളത്തിലെ ആദ്യ സിനിമ. കേരളത്തിൽ ജാതിവ്യവസ്ഥ കത്തിനിന്നിരുന്നകാലത്ത് സിനിമയുടെ പ്രമേയമല്ലെങ്കിൽക്കൂടിയും ആദ്യ മലയാളസിനിമയുടെ നായികസ്ഥാനത്തേക്ക് ദളിത് വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പി.കെ. റോസിയെ അവരോധിച്ചുകൊണ്ട് വിഗതകുമാരൻ വിപ്ലവംസൃഷ്ടിച്ചു. വെറുക്കപ്പെട്ട സ്ത്രീകൾ മാത്രമേ സിനിമയിൽ അഭിനയിക്കുകയുള്ളൂ എന്ന ധാരണ ശക്തമായി നിലനിന്നിരുന്ന സാമൂഹിക സാഹചര്യത്തിലാണ് റോസിയെ നായർ യുവതിയായി ജെ.സി. ഡാനിയൽ തിരശ്ശീലയിലേക്ക് കൊണ്ടുവന്നത്. ആദ്യപ്രദർശനത്തിന് തന്നെ ജാതി വിദ്വേഷം അലതല്ലുകയും ആദ്യനായികക്ക് നാടുവിടേണ്ട സ്ഥിതിവിശേഷവുമാണ് ഉണ്ടായത് എന്നത് ചരിത്ര സത്യം.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, മരിയൻ കോളേജ് കുട്ടിക്കാനം (ഓട്ടോണമസ്) &
റിസേർച്ച് സ്കോളർ, സെന്റ് തോമസ് കോളേജ് പാലാ (ഓട്ടോണമസ്)
Ph: 8078522637, ratheeshkumarp89@gmail.com, ratheeshkumar.p@mariancollege.org

## നീലക്കുയിൽ

സ്വാതന്ത്ര്യാനന്തരമായി(1954) പിറവികൊണ്ടതെങ്കിലും ജാതിയധിഷ്ഠിതമായി സമൂഹം മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുന്ന കാലത്താണ് നീലക്കുയിൽ പിറവികൊള്ളുന്നത്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും തീണ്ടാപ്പാടകലേയ്ക്ക് പോകാൻ വിസമ്മതിച്ചിരുന്ന കാലത്ത് പുലയർ തീണ്ടാപ്പുറം നിൽക്കണമെന്ന് വർണ്ണ വ്യവസ്ഥയുമായി മേൽ ജാതിക്കാർ നിലയുറപ്പിച്ചപ്പോൾ പുലയത്തിയെ നായർ പ്രേമിക്കുന്ന സിനിമ നീലക്കുയിൽ സൃഷ്ടിക്കപ്പെട്ടു. കേരളത്തിന്റെ സാമൂഹികചരിത്രം നിർണായകമായ മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന കാലത്താണ് നീലക്കുയിൽ പിറവികൊണ്ടത്. 'തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അവസാനിപ്പിക്കാൻ മേൽജാതിക്കാരിലെ പുരോഗമനചിന്താഗതിക്കാർ വിപ്ലവം നടത്തിയതിന്റെ ഫലമായി സാമൂഹിക പരിവർത്തനം സംഭവിച്ച കാലഘട്ടം ശ്രീനാരായണഗുരുദേവർ ഉഴുതുമറച്ചിട്ട കേരളത്തിന്റെ സാംസ്കാരിക മണ്ണിൽനിന്ന് പുതിയ ജീവിതാവബോധം സൃഷ്ടിക്കപ്പെട്ട സുവർണകാലഘട്ടം. സമകാലിക ചരിത്രത്തോട് നീതി കാണിക്കുകയും, പുറം ലോകത്തിന്റെ പരിവർത്തന മുഖങ്ങളിലേക്ക് സർഗാത്മകമായി പുഞ്ചിരിക്കുകയും ചെയ്ത യുവതലമുറ സൃഷ്ടിച്ച നീലക്കുയിൽ ആണ്, സാമൂഹികചരിത്രത്തിലെ ആദ്യത്തെ ചലച്ചിത്രം.1

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് പരിവർത്തനം സൃഷ്ടിക്കുവാനായി സിനിമയ്ക്ക് പുറത്ത് യുവതലമുറകളും പ്രസ്ഥാനങ്ങളും തുടക്കം കുറിച്ചപ്പോൾ പ്രതിഭാശാലികളായ ഒരുകൂട്ടം യുവാക്കളുടെ (ഉറൂബ് കഥ, തിരക്കഥ, പി. ഭാസ്ക്കരൻ & രാമു കാര്യാട്ട് സംവിധാനം, ഭാസ്ക്കരൻ മാസ്റ്റർ സംഗീതം, ടി.കെ. പരീക്കുട്ടി നിർമ്മാണം, മിസ്. കുമാരി & സത്യൻ നായികാനായന്മാർ) കൂട്ടായ്മയിൽനിന്നും മലയാളസിനിയിൽ 'നീലക്കുയിലി'ലൂടെ മാറ്റത്തിന് തുടക്കം കുറിക്കുകയായിരുന്നു. അതിനു ഫലമായി ഏറ്റവും മികച്ച രണ്ടാമത്തെ ചലച്ചിത്രത്തിനുള്ള വെള്ളിമെഡൽ പ്രസിഡന്റിന്റെ കൈയിൽനിന്നും നീലക്കുയിൽ നേടി. മലയാളസിനിമയ്ക്ക് ആദ്യമായി ലഭിക്കുന്ന ദേശീയഅംഗീകാരമായിരുന്നു അത്.

സാമൂഹികമായ പരിവർത്തനവും ഫ്യൂഡലിസത്തിന്റെ അധഃപതനവുമാണ് നീലക്കുയിൽ മുന്നോട്ടു വയ്ക്കുന്നതെങ്കിൽകൂടിയും ഫ്യൂഡലിസം ബാക്കിവെച്ചുപോയ വിശ്വാസവഞ്ചനയുടെയും ചതിയുടെയും പരിപ്രേക്ഷ്യം വായിച്ചെടുക്കുവാൻ സാധിക്കുന്നതാണ്. ' വരേണ്യവർഗക്കാർ കൈയൂക്കുപയോഗിച്ചും പ്രലോഭിപ്പിച്ചും കീഴ്ജാതിക്കാരെ പീഡിപ്പിക്കുകയും വഞ്ചിക്കുകയും ലിക്വിഡേറ്റ് ചെയ്യുകയും മാന്യതക്കുറവ് തട്ടാതെ പുലരുകയും ചെയ്യുന്നത് കേരളത്തിൽ കളിയാട്ടമായി നടത്തപ്പെടുന്ന ഒരു തുടർനാടകമാണ് ' 2.

'എല്ലാരും ചൊല്ലണ് എല്ലാരും ചൊല്ലണ്
കല്ലാണീ നെഞ്ചിലെന്ന്

കരിങ്കല്ലാണ് കരിങ്കല്ലാണ് നെഞ്ചിലെന്ന്...' ശ്രീധരൻനായരെക്കുറിച്ച് (വരേണ്യവർഗ്ഗത്തിന്റെ സ്വത്വത്തെക്കുറിച്ചുള്ള പൊതുബോധം) പൊതുസമൂഹം പറയുമ്പോഴും

'ഞാനൊന്നു തൊട്ടപ്പോ നീലക്കരിമ്പിന്റെ
തുണ്ടാണ് കണ്ടതയ്യാ – ചക്കര
ത്തുണ്ടാണ് കണ്ടതയ്യാ" എന്ന് നീലി ശ്രീധരൻനായരോട് പറയുകയാണ്. ജാതീയമായമായ ഉച്ചനീചത്വങ്ങളെ മറന്നുകൊണ്ട് നീലി ശ്രീധരൻനായരെ ആത്മാർത്ഥമായി പ്രണയിക്കുകയാണ്. ഇവിടെ നീലിയുടെ ആത്മാർത്ഥമായ വിശ്വാസമാണ് വെളിവാകുന്നതെങ്കിൽ ഉപഭോഗത്തിനുശേഷം വലിച്ചെറിയുക എന്ന ഫ്യൂഡൽ ചിന്താഗതിയെ ഊട്ടിയുറപ്പിക്കുകയാണ് ശ്രീധരൻനായർ. നീലിയെ സ്നേഹം പറഞ്ഞും പ്രകടിപ്പിച്ചും ഗർഭിണിയാക്കി ശ്രീധരൻ നായർ കടന്നുകളയുന്നു. അശരണയും കീഴ്ജാതിക്കാരിയുമായ നീലി ഒരു കുഞ്ഞിന് ജന്മം നൽകിയിട്ട് ആത്മഹത്യ ചെയ്യുന്നു. ശ്രീധരൻനായർ പ്രതിനിധാനം ചെയ്യുന്ന ഫ്യൂഡലിസ്റ്റ് പ്രവർത്തനങ്ങളും, വിശ്വാസ രാഹിത്യവും, പുരുഷാധിപത്യം, സ്ത്രീവിവേചനവുമൊക്കെ ചെന്നെത്തുന്നത് ഇതിഹാസമായ മഹാഭാരതത്തിലെ 'രാധാകൃഷ്ണ പ്രണയ'ത്തിലേയ്ക്കും, 'ശാകുന്തള'ത്തിലേയ്ക്കുമാണ്. ഇതിന്റെ തനിയാവർത്തനമാണ് നീലക്കുയിലിലും തുടർന്നിങ്ങോട്ട് നീലത്താമര, രക്തസാക്ഷികൾ സിന്ദാബാദ്, ലാൽസലാം, മന്ത്രമോതിരം, യാദവം, ഡാർളിംഗ് ഡാർളിംഗ്, രാപ്പകൽ, ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ, അമർ അക്ബർ അന്തോണി, മഹാവീര്യർ, ജയ ജയ ജയ ജയഹേ, ബൊഗയ്ൻ വില്ല തുടങ്ങിയ നവസിനിമകൾ വരെ എത്തിനിൽക്കുന്നത്. തിരിഞ്ഞു നോക്കുമ്പോൾ നീലക്കുയിലിനുശേഷം നായരും പുലയത്തിയും

തങ്ങളുടെ സ്വത്വത്തിലേയ്ക്ക് തിരിച്ചുപോയിരിക്കുന്നു. അതുകൊണ്ടാണല്ലോ ഇന്നും തനിയാവർത്തനങ്ങൾ മലയാളസിനിമയിൽ നടക്കുന്നത്.

## നീലത്താമര

1979 ൽ എം.ടി. വാസുദേവൻ നായർ രചന നിർവ്വഹിച്ച, യൂസഫലി കേച്ചേരി സംവിധാനം ചെയ്ത പ്രണയചിത്രമാണ് നീലത്താമര. അംബികയും രവികുമാറും ആണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. സമൂഹം കീഴ്ജാതിയായി ഗണിച്ചിരിക്കുന്ന വെളുത്തേടത്തിയായ നായികയും (വീട്ടുജോലിക്കാരി) സമൂഹം ഉന്നത കുലം എന്ന് ഗണിച്ചിരിക്കുന്ന മോനോനായ ഉടമസ്ഥനും തമ്മിലുള്ള പ്രണയമാണ് 'നീലത്താമര' കൈകാര്യം ചെയ്യുന്നത്. എം.ടിയുടെ തൂലികയിൽ വിരചിതമായതുകൊണ്ട് ക്ലാസ്സിക്കെന്നോ, മനോഹരമെന്നോ, എൺപതുകളുടെ മനോഹാരിതയും ഗൃഹാതുരത്വമുണർത്തുന്ന ഗ്രാമീണതയുമെന്ന് ആരാധകർ വാഴ്ത്തുമ്പോഴും അതിൽ അന്തര്‌ലീനമായ ഫ്യൂസലിസത്തിന്റെ മാറാത്ത ചതിയുടെ തനിയാവർത്തനങ്ങൾ ആരും കാണാതെ പോകുന്നു. അല്ലെങ്കിൽ അവയെ നെഞ്ചിലേറ്റുന്നതുകൊണ്ടോ, ആശയ ദാരിദ്ര്യംകൊണ്ടോ ആണൊ ലാൽജോസ് 2009 ൽ 'നീലത്താമര' റീമേക്ക് ചെയ്തത്.

നീലക്കുയിലിലേതുപോലെ തേനും പാലും ചേർത്ത വാക്കുകൾ കൊണ്ട് നീലിയെ വശീകരിക്കുന്നതുപോലെ തന്നെ നായകനായ ഹരിദാസ് കുഞ്ഞിമാളുവിനെയും വശീകരിക്കുന്നു. പ്രണയത്തിന്റെ പൊയ്മുഖം ചാർത്തി ഹരിദാസ് തന്റെ അടങ്ങാത്ത കാമദാഹത്തിന് പാത്രമാകുവാൻ വേലക്കാരത്തിയും കീഴ്ജാതിക്കാരിയുമായ കുഞ്ഞിമാളുവിനെ നിർബന്ധിക്കുന്നു. 'നിനക്കെന്നും ഞാനുണ്ട്' എന്ന് സത്യം ചൊല്ലിയാണ് അയാൾ ആ പാവം പെൺകുട്ടിയെ വശീകരിക്കാൻ ശ്രമിക്കുന്നത്. ജനാധിപത്യം വന്നെങ്കിലും 'തിരുവായ്ക്ക് എതിർവാക്ക്' പറയാതെ ഒഴിഞ്ഞു മാറുന്ന നിസഹായയായ ആ പെൺകുട്ടി ദേവന്റെ നടയ്ക്കൽ പണം വെച്ച് നീലത്താമര വിരിയിക്കുന്ന നാടിന്റെ വിശ്വാസത്തെ കൂട്ടുപിടിച്ച്, ചതിയല്ലെന്ന് ഉറപ്പുവരുത്തി ഹരിദാസിനെ വിശ്വസിച്ച് വഴങ്ങുന്നു. ഇവിടെ ദേവനും നീലത്താമരയെന്ന വിശ്വാസവും ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ..? മുറപ്പെണ്ണായ രത്നവുമായുള്ള വിവാഹനിശ്ചയത്തിന് ശേഷവും ഹരിദാസ് കുഞ്ഞിമാളുവിൽ തന്റെ കാമദാഹം ശമിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ തകർന്ന മനസ്സോടെ കുഞ്ഞിമാളു ഒഴിഞ്ഞുമാറുന്നു. ഒരിയ്ക്കൽ പുതിയ ജോലിയിൽ പ്രവേശിക്കു വാനായി ഹരിദാസ് പുറപ്പെടുമ്പോൾ 'വെളുത്തേടത്തി ശകുനത്തിന് മോശമാണെന്നാണ് പ്രമാണം" എന്ന അമ്മയുടെ വാക്കിനാൽ കുഞ്ഞിമാളു മാറ്റി നിർത്തപ്പെടുമ്പോൾ പകൽ മാത്രം ജാതീയത തലപൊക്കുന്ന ഹരിദാസ് 'ഉം' എന്നു പറഞ്ഞ് ഭാവഭേദമില്ലാതെ പുറത്തേയ്ക്ക് പോകുന്നു. ഇവിടെയാണ് കായംകുളം കൊച്ചുണ്ണിയിലെ 'ബ്രാഹ്മണന് പകൽ കീഴ്ജാതിക്കാർ അയിത്തവും രാത്രിയിൽ അതില്ലായ്മയും' എന്ന ഡയലോഗ് അന്വർത്ഥമാകുന്നത്.

'ഹരിദാസിന്റെ കല്യാണം കഴിഞ്ഞില്ലേ... ഇനി കിഴക്കമ്പാട്ടെ പണിക്കാരിയുടെ ആവശ്യമെന്താ...?' എന്ന ചാരായഷാപ്പുകാരന്റെ മുനവെച്ച സംഭാഷണവും

'ആവശ്യങ്ങൾ കഴിഞ്ഞാൽ ഇവരെയൊക്കെ മുമ്പിലും പരിസരത്തിലും കാണുമ്പോൾ അസ്വസ്ഥതയാകും അല്ലേ...?

'ആരെയും ആവശ്യമില്ലാതെ ആശിപ്പിക്കരുത്. മോഹിപ്പിച്ച് അടുപ്പിച്ച് പിന്നെ വലിച്ചെറിയുന്നത് തെറ്റാണ് ദാസേട്ടാ..'

'വിനീതവിധേയ ദാസികളെ മാത്രമേ നിങ്ങൾ കണ്ടിട്ടുള്ളൂ...' തുടങ്ങിയ രത്നത്തിന്റെ സംഭാഷണങ്ങളും

'നീ ഒരിക്കൽ വരും. അതെനിക്കറിയാം. വലിയവീട്ടിലെ പണിക്കാരത്തിയായി നിന്നിട്ടുള്ള ഭാണ്ഡവും ചുമന്നുകൊണ്ട് നീ വരും.'

'ഒരു കട്ടസോപ്പ്, ഒരു നള്ള് പൗഡറ്. ഇതിന്റെയൊക്കെ വിലയേ നിനക്കുള്ളൂ '

'വിഴപ്പലക്കാൻ ആരെങ്കിലും വേണ്ടേ..'

'എവിടെടീ നിന്റെ ഭാണ്ഡം. അതിങ്ങെടുക്ക്' എന്നു പറഞ്ഞ് കുഞ്ഞിമാളുവിനെയും കൂട്ടിക്കൊണ്ട് കിഴക്കമ്പാട്ടെ പടിയിറങ്ങി തന്റെ ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന മുറച്ചെറുക്കന്റെ (സത്താർ) യുമൊക്കെ സംഭാഷണങ്ങൾ ആ പഴയ ഫ്യൂഡലിസത്തിന്റെ നെറികേടുകളെയും കുഞ്ഞിമാളുവിന്റെ (അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ട കീഴ്ജാതിക്കാരിയുടെ) നിസഹായാവസ്ഥ വിളിച്ചു കാട്ടുന്നു.

ISSN No: 3049-0316
വാല്യം 2 ലക്കം 2 ജനവരി 2026

സിനിമയുടെ അവസാനസീനിൽ കുഞ്ഞിമാളുവിനെയുമായി മുറച്ചെറുക്കൻ നിളാതീരത്തുകൂടി യാത്രചെയ്യുമ്പോൾ നേരത്തെ കുഞ്ഞിമാളു തന്റെ മുത്തശ്ശിയോടൊപ്പം കിഴക്കമ്പാട്ടേയ്ക്ക് വീട്ടുജോലിക്കായി പോകുന്ന രംഗത്തെ അനുസ്മരിപ്പിക്കും വിധം ഒരു വൃദ്ധസ്ത്രീയുടെ പിന്നാലെ ഒരു പെൺകുട്ടി അവർക്ക് വിപരീതദിശയിൽ നടന്നുവരുന്നു. ഇരുവരോടുമായി ആ വൃദ്ധസ്ത്രീ ചോദിക്കുന്ന 'പടിഞ്ഞാറത്തേക്കുള്ള വീടേതാണ്..? ഈ കുട്ടിയെ അവിടെ പണിക്ക് നിർത്താനാ...' ഒരു ഞെട്ടലോടെ കുഞ്ഞിമാളുവും മുറച്ചെറുക്കനും പരസ്പരം നോക്കി നിൽക്കവേ 'BUT THERE IS NO END' എന്ന് സ്ക്രീനിൽ എഴുതിക്കാണിച്ച് സിനിമ അവസാനിക്കുന്നു. ഇവിടെ നിളയുടെ നിലയ്ക്കാത്ത ഒഴുക്കുപോലെ, ഇടയ്ക്ക് ഇടമുറിയുമെങ്കിലും വീണ്ടും ഒഴുകുന്ന ചതിയുടെയും വിശ്വാസവഞ്ചനയുടെയും കഥ തുടർന്ന കൊണ്ടേയിരിക്കും. ഒരു തനിയാവർത്തനം പോലെയെന്ന് എം.ടിയും യൂസഫലി കേച്ചേരിയും പറഞ്ഞുവെക്കുന്നു.

## മഹാവീര്യർ

മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം. മുകുന്ദന്റെ കഥയിൽ എബ്രിഡ് ഷൈൻ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച മലയാളത്തിലെ ടൈം ട്രാവലർ പരീക്ഷണാത്മക ഫാന്റസി കോമഡി ചിത്രമാണ് മഹാവീര്യർ(2022). ഒരേ സമയം ഒരു കോടതിയിൽ പതിനെട്ടാം നൂറ്റാണ്ടിലെയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെയും കഥാപാത്രങ്ങൾ ഇടകലർന്നുകൊണ്ട് സമകാലിക കോടതി നിയമവ്യഹാരങ്ങളിലൂടെ വിചാരണ നടത്തുകയാണ് സിനിമ. ചിരിച്ചും ചിന്തിപ്പിച്ചും വേദനിപ്പിച്ചും സമകാലീന സമൂഹത്തോട് സംവദിക്കുന്ന തരത്തിലാണ് മഹാവീര്യരുടെ ആഖ്യാനം. കോടതി മുറിയാണ് സിനിമയുടെ ആഖ്യാനമണ്ഡലം. രണ്ടു ഭാഗങ്ങളായിട്ടാണ് സിനിമ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യഭാഗത്ത് അപൂർണാനന്ദ സ്വാമിയും കോടതി വ്യവഹാരമാണെങ്കിൽ അതിലേയ്ക്ക് സമാനതകളുമായി പതിനെട്ടാം നൂറ്റാണ്ടിലെ രുദ്ര മഹാവീര ഉഗ്രസേന മഹാരാജാവും (ലാൽ) അദ്ദേഹത്തിന്റെ മന്ത്രി സചിവോത്തമൻ വീരഭദ്രൻ (ആസിഫ് അലി), ദേവയാനി (കീഴ്ജാതിക്കാരിയും സുന്ദരിയുമായ പെൺകുട്ടി), അവളുടെ പിതാവ്, കാമുകൻ തുടങ്ങിയവരും വന്നു ചേരുന്നു.

രുദ്ര മഹാവീര ഉഗ്രസേനമഹാരാജാവിന് വിട്ടുമാറാത്ത ഇക്കിൾ ഉണ്ടാവുകയും അത് ഭേദമാക്കുവാൻ അതിസുന്ദരിയായ ഒരു പെൺകുട്ടിയുടെ ഒരു കപ്പ് കണ്ണുനീര് വേണമെന്നും അതിനായി മന്ത്രിയും സുന്ദരനുമായ വീരഭദ്രൻ നാട്ടിലുള്ള സ്ത്രീകളെയൊക്കെ രാജാവിന് സമർപ്പിക്കുകയും അവരെ ക്രൂരമായി പീഡിപ്പിച്ച് കണ്ണീരെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. എങ്കിലും രാജാവിന്റെ ഇക്കിൾ മാറുന്നില്ല. അങ്ങനെ ലക്ഷണമൊത്ത ദേവയാനിയെ വീരഭദ്രൻ കണ്ടെത്തുകയും പ്രണയം നടിക്കുകയും ചെയ്യുന്നു. 'വരാനാവില്ലെ അരികെ രാഗലോലം' എന്ന മനോഹരമായ ഗാനത്തിലൂടെ അവരുടെ പ്രണയം ആവിഷ്കരിക്കുന്നു. അവൾക്ക് ആശകൊടുത്ത് വീരഭദ്രൻ കൊട്ടാരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി രാജാവിന് സമർപ്പിക്കുന്നു. ദേവയാനിയെ എങ്ങനെയും കരയിപ്പിച്ച് കണ്ണുനീർ എടുക്കാനായി ക്രൂരമായി ഉപദ്രവിക്കുന്നു. അതിനുശേഷം ഇവരെല്ലാം പതിനെട്ടാം നൂറ്റാണ്ടിൽ നിന്ന് ടൈം ട്രാവൽ ചെയ്ത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അപൂർണ്ണാനന്ദ സ്വാമിയുടെ കേസ് നടക്കുന്ന കോടതിയിൽ എത്തിച്ചേരുന്നു. അതോടെ കോടതിപോലും നിയമം രാജാവിന് വേണ്ടി നിലകൊള്ളുന്നു. കോടതിയുടെ നിർദ്ദേശപ്രകാരം ദയവായി ക്രൂരമായി ഉപദ്രവിച്ച വസ്ത്രാക്ഷേപം ചെയ്ത് കരയിപ്പിക്കുവാനും കണ്ണീരടുത്ത് രാജാവിന് കൊടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

സിനിമയുടെ ഒന്നാംഭാഗത്ത് രണ്ട് സ്ത്രീകളുടെ കേസുകൾ പറഞ്ഞുകൊണ്ടാണ് കോടതി ആരംഭിക്കുന്നത്. ഈ രണ്ടു കേസുകളിലും കോടതി സ്ത്രീപക്ഷത്താണ് നിലകൊള്ളുന്നത്. എന്നാൽ രണ്ടാം ഭാഗത്ത് വരുമ്പോൾ (രാജാവിന്റെ കഥ) പറയുമ്പോൾ ക്രൂരനായ രാജാവിനെ തൃപ്തിപ്പെടുത്തുവാനായി കോടതി ദേവയാനിയെ ഉപദ്രവിക്കുവാൻ കൂട്ടുനിൽക്കുന്നതും കാണാം. ഇവിടെ കീഴ്ജാതിക്കാരിയായ പെൺകുട്ടിക്ക് നീതി നിഷേധിക്കപ്പെടുകയും, തന്നെ പ്രണയം നടിച്ച് രാജാവിന് സമർപ്പിച്ച മന്ത്രി വീരഭദ്രന്റെ വാക്കുകൾക്ക് കോടതി വില കൽപ്പിക്കുന്നതും കാണാം. രാജാവിന്റെ അസുഖം ഭേദമാക്കാൻ ഗണിക്കപ്പെട്ട ലക്ഷണങ്ങളുള്ള തന്റെ സുന്ദരിയായ ഭാര്യയെ രാജാവിൽ നിന്നും മറച്ചുപിടിച്ചു കൊണ്ടാണ് വീരഭദ്രൻ ദേവയാനിയെ ചതിക്കുന്നത്. കീഴ്ജാതിക്കാരിയും നിരാലംബയുമായ സ്ത്രീകളുടെ മേൽ മേൽജാതിക്കാർക്ക് എന്തുമാകാമമെന്ന ഫ്യൂഡലിസത്തിന്റെ നെറികേടാണ് ഇവിടെയും കാണാൻ സാധിക്കുന്നത്. അധികാരവും മേൽക്കോയ്മയുമുള്ള സവർണ വർഗത്തിന് ഇവിടെ നിയമത്തിന്റെ പരിരക്ഷ ലഭിക്കുമ്പോൾ, സമൂഹം അവരുടെ പക്ഷത്തുനിൽക്കുമ്പോൾ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇതിഹാസങ്ങളുടെ തനിയാവർത്തനം സമൂഹത്തിലും സിനിമകളിലും നടക്കുന്നു.

 ISSN No: 3049-0316


## കുറിപ്പുകൾ

1. ഇ.എം. അഷ്റഫ്, (2018), കയ്യൊപ്പുകൾ മലയാള സിനിമയുടെ 50 വർഷം ഒരു ചരിത്രാന്വേഷണം, ട്രിനിറ്റി പബ്ലിക്കേഷൻസ്, കൊച്ചി
2. തോട്ടം രാജശേഖരൻ,(2010), സിനിമ കലയും ജീവിതവും, തോട്ടം ബുക്സ്, തിരുവനന്തപുരം

## സഹായകഗ്രന്ഥങ്ങൾ

1. എം. ജയരാജ്, (2018), മലയാള സിനിമ പിന്നിട്ട വഴികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
2. മധു ഇറങ്കര, (2014), ഇന്ത്യൻ സിനിമ, ഡി സി ബുക്സ്, കോട്ടയം
3. ഇ.എം. അഷ്റഫ്, (2018), കയ്യൊപ്പുകൾ മലയാള സിനിമയുടെ 50 വർഷം ഒരു ചരിത്രാന്വേഷണം, ട്രിനിറ്റി പബ്ലിക്കേഷൻസ്, കൊച്ചി
4. തോട്ടം രാജശേഖരൻ,(2010), സിനിമ കലയും ജീവിതവും, തോട്ടം ബുക്സ്, തിരുവനന്തപുരം
5. ഷാജി ജേക്കബ്, (2009), ജനപ്രിയ സംസ്കാരം:ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
6. ജിനേഷ്കുമാർ എരമം, (2010), സിനിമയുടെ നില്പാടുകൾ, ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്
7. പി.എസ്. രാധാകൃഷ്ണൻ, (2010), ചരിത്രവും ചലച്ചിത്രവും ദേശ്യഭാവനയുടെ ഹർഷ-മൂല്യങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം